# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4337 — 22.07.2015 -ൽ മറുപടിക്ക്

## പി.എസ്.സി യുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

(എ) പി.എസ്.സി യുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി 2011 മുതൽ 2015 വരെ ഓരോ വർഷവും ലഭിച്ച കേന്ദ്രസഹായം/സംസ്ഥാന സർക്കാർ സഹായം എത്ര എന്നും ഇവ ഏതെല്ലാം ആവശ്യങ്ങൾക്കായി എത്ര തുക വീതം ചിലവാക്കി എന്നും വ്യക്തമാക്കുമോ;

(എ) 2011 മുതൽ 2015 വരെ ഓരോ സാമ്പത്തിക വർഷത്തിലും ലഭിച്ച ബജറ്റ് വിഹിതത്തിന്റെ ചിലവായതും മിച്ചമുള്ളതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) കമ്മീഷൻ 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു എന്നും ഓരോ പരീക്ഷാ നടത്തിപ്പിനുമായി എത്ര തുക വീതം ചിലവാക്കിയെന്നുമുള്ള വിശദമായ സ്റ്റേറ്റ്മെൻറ് ലഭ്യമാക്കുമോ;

(ബി) 2011 മുതൽ 2014 വരെ PSC നടത്തിയ പരീക്ഷകൾ , പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | നടത്തിയ പരീക്ഷകളുടെ എണ്ണം | അംഗീകരിച്ച റാങ്ക് ലിസ്റ്റുകളുടെ എണ്ണം |
|---|---|---|
| 2011 | 183 | 556 |
| 2012 | 375 | 730 |
| 2013 | 364 | 608 |
| 2014 | 378 | 804 |

പരീക്ഷാ നടപടികൾ വിവിധ ഘട്ടങ്ങളായാണ് നടത്തുന്നത് അതിനാൽ ഇതിന് ചിലവാകുന്ന തുക കൃത്യമായി കണക്കാക്കുവാൻ സാധിക്കാത്തതിനാൽ അത് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (സി) | നിലവിൽ കമ്മീഷന്റെ സാമ്പത്തിക സ്ഥിതി എന്താണ് എന്നും, എന്തെങ്കിലും അധിക സാമ്പത്തിക സഹായം സർക്കാരിനോട് ആവശ്യപ്പെട്ടുവോ എന്നും എങ്കിൽ എന്തിനാണ് എന്നും വ്യക്തമാക്കുമോ; | (സി) | 2015-16 സാമ്പത്തിക വർഷത്തിൽ Non Plan Fund ഇനത്തിൽ 1,30,15,58,000/- രൂപ അനുവദിച്ചതിൽ 30.06.2015 വരെ ആകെ 67,92,67,000/- രൂപ ചിലവഴിച്ചിട്ടുണ്ട്. 28 PPSS, 34 OC, 04(1) Tour TA എന്നീ ഉപശീർഷകങ്ങളിലായി യഥാക്രമം അനുവദിച്ച 10 കോടി, 2.90 കോടി, 1.25 കോടി എന്നീ തുകകളിൽ 34 OC ലഭിച്ച തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്. മറ്റുള്ളവയിൽ യഥാക്രമം 9,50,000, 3,75,000 എന്നീ തുകകൾ മാത്രമേ മിച്ചമുള്ളൂ. |

Supplementary Grant (SDG) ആയും Additional Allotment ആയും വിവിധ ഉപശീർഷകങ്ങളിൽ താഴെ പറയുന്ന തുകകൾക്കായുള്ള ശുപാർശ പരിശോധനയിലുമാണുള്ളത്.

| Sub Head | SDG | Additional Allotment |
|---|---|---|
| 02 Wages | 10,00,000 | - |
| 04 TE(1) Tour TA | 50,00,000 | 50,00,000 |
| 05 (4) Other items | 3,00,00,000 | - |
| 06 RRT | 30,00,000 | 30,00,000 |
| 28 PPSS | 3,00,00,000 | 3,00,00,000 |
| 34 OC | 1,50,00,000 | 1,50,00,000 |

| | | | |
|---|---|---|---|
| (ഡി) | സാമ്പത്തിക പ്രതിസന്ധി കാരണം പരീക്ഷാ നടത്തിപ്പ് നിർത്തിവയ്ക്കേണ്ടിവരും എന്ന് പി.എസ്.സി അറിയിച്ചുവോ; എങ്കിൽ പി.എസ്.സി യിലെ ഭരണനിർവ്വഹണത്തിലുള്ള അഴിമതിയും കെടുകാര്യസ്ഥതയും സംബന്ധിച്ച് ഒരു നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷണം നടത്തുമോ; | (ഡി) | ഇല്ല. ബാധകമല്ല. |

(ഇ) 2011 മുതൽ 2015 വരെ കമ്മീഷൻ പ്രതിവർഷം എത്ര തുകയുടെ ഏതെല്ലാം നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും വാഹനങ്ങൾ, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

(ഇ)

| വർഷം | നിർമ്മാണ പ്രവർത്തനം | വാഹനങ്ങൾ | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ |
|---|---|---|---|
| 2011-12 | 66,814 | 45,51,776 | 28,98,166 |
| 2012-13 | 44,10,006 | 62,58,259 | 40,07,281 |
| 2013-14 | 2,65,57,185 | 5,81,509 | 82,70,376 |
| 2014-15 | 1,62,17,106 | 28,32,609 | 70,81,077 |
| 2015-16 | 2,24,870 | വാങ്ങിയിട്ടില്ല | 46,03,680 |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്